**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 104** **10-06-2024 - ൽ മറുപടിയ്ക്ക്**

**പോലീസിലെ ക്രിമിനലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന പോലീസ് സേനയിലെ കൈക്കൂലിക്കാരെയും ഗുണ്ടാ, മാഫിയാ സംഘങ്ങളുമായി ബന്ധമുള്ളവരെയും പോലീസിലെ ക്രിമിനലുകളെയും കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഇത്തരത്തിൽ ആക്ഷേപമോ ആരോപണങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥരെ നിരന്തരം നിരീക്ഷിക്കുകയും ജില്ലാ രഹസ്യാന്വേഷണ വിഭാഗവും സംസ്ഥാന രഹസ്യാന്വേഷണ വിഭാഗവും രഹസ്യാന്വേഷണം നടത്തുകയും ആരോപണത്തിന്മേൽ കഴമ്പുണ്ടെന്ന് കണ്ടാൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരക്കാരെ പോലീസ് സേനയിൽ നിന്നും സസ്പെന്റ് ചെയ്യുന്നതും നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരെ കേരള പോലീസ് ആക്ട്, KPDIP & A Rules എന്നീ നിയമങ്ങൾ പ്രകാരം പിരിച്ചു വിടുന്നതുൾപ്പെടെ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇത്തരത്തിൽ ബന്ധമുള്ള എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (20.05.2021 മുതൽ 02.06.2024 വരെ) സംസ്ഥാന പോലീസിലെ ക്രിമിനലുകൾ, ഗുണ്ടാ, മാഫിയ ബന്ധമുള്ളവരും, കൈക്കൂലിക്കാരായും 152 ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ